കാത്ത് ലാബ് സ്ഥാപിക്കൽ

28(2496) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയിലും എറണാകുളം, കോഴിക്കോട് ജനറൽ ആശുപത്രികളിലും കാത്ത് ലാബ് സ്ഥാപിക്കുന്നതിനായി 2015-16 ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു ;വ്യക്തമാക്കുമോ ;

(ബി) ഇതിൽ നിന്നും ഇതുവരെ ചെലവായ തുകയെത്രയാണെന്നും അവ എന്തെല്ലാം പദ്ധതിക്കായി എവിടെയെല്ലാമാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ കാത്ത് ലാബ്&ഐ.സി.യു. സംവിധാനം ആരംഭിക്കുക എന്ന പദ്ധതിയിൽ ജില്ലാ ആശുപത്രി- കൊല്ലം, ജനറൽ ആശുപത്രി-എറണാകുളം, ജില്ലാ ആശുപത്രി-കോഴിക്കോട് എന്നിവിടങ്ങളിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഒരു സ്ഥാപനത്തിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് 5 കോടി രൂപയോളം ചെലവു വരുന്നതിനാൽ നടപ്പ് സാമ്പത്തിക വർഷം എറണാകുളം ജനറൽ ആശുപത്രിയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി 15-6-2015 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 1804/15/ആ.ക.വ. പ്രകാരം ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണത്തിനായി 17-8-2015-ലെ സ.ഉ.(സാധാ) നമ്പർ 2649/15/ആ.ക.വ. നമ്പർ ഉത്തരവ് പ്രകാരം മേൽ തുക മുഴുവൻ കെ.എം.എസ്.സി.എൽ.-ന് കൈമാറുകയും ചെയ്തിട്ടുണ്ട്.

സുകൃതം പദ്ധതി

29(2497) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സുകൃതം ചികിൽസാ പദ്ധതിയിലൂടെ എന്തെല്ലാം സഹായങ്ങളാണ് കാൻസർ രോഗ ബാധിതർക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാലും ക്യാൻസർ രോഗ ചികിത്സ ഭാരിച്ച ചെലവ് വേണ്ടിവരുന്നതിനാലും സാധാരണക്കാരായ ജനങ്ങൾക്ക് കാൻസർ ചിക്ത്സ അപ്രാപ്യമാവുകയും ക്യാൻസർ മരണനിരക്ക് കൂടുന്നതിന് കാരണമാകുകയും ചെയ്യുന്നു. ഈ അവസ്ഥ ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് സുകൃതം. സംസ്ഥാനത്ത് എല്ലാ ക്യാൻസർ രോഗികൾക്കും സൗജന്യ ചികിത്സ നൽകുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

സുകൃതം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. എന്നാൽ ഒന്നാം ഘട്ടത്തിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ക്യാൻസർ രോഗികൾക്ക് പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പാക്കിവരുന്നു. സുകൃതം പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷം 11 കോടി രൂപ മെഡിക്കൽ കോളേജുകൾക്ക് അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ കണ്ണൂർ, അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് ആദ്യമായി ഈ പദ്ധതി ലഭ്യമായിട്ടുള്ളത്. ആർ.എസ്.ബി.വൈ./കാരുണ്യ/താലോലം തുടങ്ങിയ ഫണ്ടുകൾ പ്രയോജന പ്പെടുത്തിയ ശേഷമേ സുകൃതം ഫണ്ട് ഉപയോഗപ്പെടുത്തുകയുള്ളൂ. ഇതിനായി സംസ്ഥാന തലത്തിൽ ഒരു സൊസൈറ്റി രൂപീകരിക്കുകയും ധനസമാഹരണത്തിന് അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ താഴെപ്പറയുന്നവർക്ക് 3 ലക്ഷം രൂപ വരെയുള്ള ചികിത്സാ സൗജന്യം ലഭിക്കുന്നതായിരിക്കും.

<u>അർഹരായവർ :</u>

- ബി.പി.എൽ. (BPL) കാർഡുള്ളവർ
- ആർ.എസ്.ബി.വൈ. (RSBY) കാർഡുള്ളവർ
- ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പഞ്ചായത്ത് മുൻസിപ്പൽ സെക്രട്ടറിമാർ നൽകുന്ന സർട്ടിഫിക്കറ്റുള്ളവർ

കേരളത്തിലുള്ള ബി.പി.എൽ. കാർഡുടമകൾക്ക് ക്യാൻസർ രോഗം സ്ഥിരീകരിച്ചു കഴിഞ്ഞാൽ 3 ലക്ഷം രൂപ വരെയുള്ള ക്യാൻസർ ചികിത്സ സൗജന്യമായി നൽകുന്നതിനായി കേരള സർക്കാർ 2014 നവംബർ 1 മുതൽ നടപ്പിലാക്കിയ ഒരു പദ്ധതിയാണ് സുകൃതം. ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി അതാത് ആശുപത്രികളിൽ നിയമിച്ചിട്ടുള്ള സുകൃതം വോളന്റിയേഴ്സിനെ രോഗിയുടെ പേര് ഉൾപ്പെട്ട റേഷൻ കാർഡുമായി സമീപിച്ചാൽ പ്രസ്തുത രോഗിയെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സ ലഭ്യമാക്കുന്നതാണ്. പദ്ധതിയുടെ നടത്തിപ്പിനായി വലിയ സാമ്പത്തിക ബാധ്യത വേണ്ടിവരുന്നതിനാൽ ആദ്യഘട്ടത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബി.പി.എൽ., ആർ.എസ്.ബി.വൈ. കാർഡ് ഉടമകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബി.പി.എൽ. വരുമാന സർട്ടിഫിക്കറ്റുള്ളവർ തുടങ്ങിയവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി വരും. പ്രതിവർഷം 300 കോടിയോളം രൂപ ചെലവു വരുന്നതാണ് ഈ പദ്ധതി. ആദ്യഘട്ടത്തിൽ 35 ലക്ഷം കുടുംബാംഗങ്ങൾക്ക് സഹായമെത്തിക്കുകയാണ് സുകൃതം പദ്ധതിയുടെ ലക്ഷ്യം. രണ്ടാം ഘട്ടത്തിൽ എല്ലാ ജനവിഭാഗങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു സാമ്പത്തിക വർഷം ഏകദേശം 10 കോടി രൂപയിൽപ്പരം രൂപയുടെ ചെലവുവരുമെന്ന് അനുമാനിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly